'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-എരുമേലി ഗ്രാമപഞ്ചായത്ത്-മാലിന്യ സംസ്കരണത്തിന് ടാറ്റാ S.K 407 ടിപ്പർ ലോറി രജിസ്ട്രേഷൻ ഫീസ്, ഇൻഷുറൻസ്, ജി.പി.എസ് സിസ്റ്റം എന്നിവ ഒഴിച്ച് 1347000/- രൂപയ്ക്ക് വാങ്ങുന്നതിന് -അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്

**സ.ഉ.(സാധാ) നം.2388/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/10/2019

---

പരാമർശം:- 1 10/08/2019 ലെ സ.ഉ(സാധാ)നം.1738/2019/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2 എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16/09/2019 ലെ A3-1743/2019 നമ്പർ കത്ത്

<u>ഉത്തരവ്</u>

എരുമേലി ഗ്രാമപഞ്ചായത്തിന് മാലിന്യസംസ്കരണത്തിന് ലോറി വാങ്ങുന്നതിന് 10/08/2019 ലെ പരാമർശം 1 പ്രകാരം 1165000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ വാഹന വില, സാധനവില, ജി.എസ്.ടി എന്നിവയിലുണ്ടായ വർദ്ധനവ് കാരണം ടാറ്റാ കമ്പനി ലോറിയ്ക്ക് 1347000/- രൂപയുടെ ഇൻവോയിസ് നൽകിയതിനാൽ മൊത്തം 1,80.000/- രൂപയുടെ വർദ്ധന ഉണ്ടായിട്ടുണ്ട്. 2019/20 സ്പിൽ ഓവറായി പ്രോജക്ട് ചെയ്യുന്നതിന് 18,52,139/- രൂപയുടെ ഡി.പി.സി അംഗീകാരവും ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിൽ ടാറ്റാ S.K 407 ടിപ്പർ ലോറി രജിസ്ട്രേഷൻ ഫീസ്, ഇൻഷുറൻസ്, ജി.പി.എസ് സിസ്റ്റം ഒഴിച്ച് 1347000/- രൂപയ്ക്ക് ലോറി വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 18,52,139/-രൂപ അടങ്കലിൽ സ്പിൽ ഓവറായി പ്രോജക്ട് നടപ്പാക്കുന്നതിന് ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിൽ ടാറ്റാ S.K 407 ടിപ്പർ ലോറി രജിസ്ട്രേഷൻ ഫീസ്, ഇൻഷുറൻസ്, ജി.പി.എസ് സിസ്റ്റം എന്നിവ ഒഴിച്ച് 13,47,000/- രൂപയ്ക്ക് (പതിമൂന്ന് ലക്ഷത്തി നാല്പത്തിയേഴായിരം രൂപ മാത്രം) ലോറി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി,എരുമേലി ഗ്രാമപഞ്ചായത്ത്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ